നം. സി.ഇ.ഇ/2834/2007/റ്റി.എ.(1)

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## 2007 - എം.ബി.ബി.എസ്,ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പ്രത്യേക അലോട്ട്മെന്റ് സംബന്ധിച്ച്

**2007 സെപ്റ്റംബർ 1-ാം തീയതി** പ്രസിദ്ധീകരിച്ച അലോട്ട്മെന്റ് പ്രകാരം വിദ്യാർത്ഥികൾ നിശ്ചിത കോളേജ്/കോഴ്സിൽ, നിശ്ചിത തീയതികളിൽത്തന്നെ പ്രവേശനം നേടിയിരിക്കണം.

2007 - വർഷത്തിൽ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത യോഗ്യതയില്ലാത്ത പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളെ പരിഗണിക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാദ്ധ്യതാ ലിസ്റ്റ് "**cee-kerala.org**" എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു) ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് കിട്ടിയ ആകെ മാർക്കും, മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് നേടിയ മാർക്കും 50:50 എന്ന അനുപാതത്തിൽ ആക്കി കൂട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാർ ചെയ്തിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന ആകെ മാർക്കിന്റെ 40% എങ്കിലും നേടിയ വിദ്യാർത്ഥികളെയും ഈ ലിസ്റ്റിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റിനായി പരിഗണിക്കുന്നതാണ്.

**ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ** 08.09.2007 **മുതൽ** 13.09.2007 **(വൈകുന്നേരം 5 മണി) വരെയുള്ള കാലയളവിൽ** "http://www.cee.kerala.gov.in" **എന്ന വെബ്സൈറ്റിലൂടെ എം.ബി.ബി.എസ്./ ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓർഡർ ഓപ്ഷനുകളോടൊപ്പം മേൽപ്പറഞ്ഞ കോഴ്സുകളിലേയ്ക്കുള്ള ഓപ്ഷനുകളും ചേർത്ത് മുൻഗണനാക്രമം നിശ്ചയിച്ച് ഓപ്ഷനുകൾ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.** എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് ഇപ്രകാരം ഓപ്ഷനുകൾ **13.09.2007 (വൈകുന്നേരം 5 മണി)** - നകം രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ ഈ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം

07.09.2007 **പ്രവേശന പരീക്ഷാ കമ്മീഷണർ**